# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3626

## 23.08.2017 ലെ മറുപടിക്ക്

### <u>എം.എൽ.എ.യുടെ സ്പെഷ്യൽ ഡെവലപ്പ്മെന്റ് ഫണ്ട്</u>

| | ചോദ്യം<br>ശ്രീ.കെ. ആൻസലൻ | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | എം.എൽ.എ.യുടെ സ്പെഷ്യൽ ഡെവലപ്പ്മെന്റ് ഫണ്ടിൽ നിന്നും സർക്കാർ ആശുപത്രികൾക്ക് വീൽ ചെയർ, ട്രോളി എന്നിവ വാങ്ങുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സം ഉണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ; | സർക്കാർ ഉടമസ്ഥതയിൽ ദീർഘകാലം നിലനിൽക്കുന്ന മൂലധന സ്വഭാവമുള്ള സ്ഥിരം ആസ്തികൾ സൃഷ്ടിക്കുക എന്നതാണ് എം.എൽ.എ.മാരുടെ പ്രത്യേക വികസന നിധിയുടെ ഉദ്ദേശലക്ഷ്യം. കൂടാതെ പ്രത്യേക വികസന നിധിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഇൻവെന്ററി സ്വഭാവമുള്ള വാങ്ങലുകൾ അനുവദനീയമല്ല. വീൽചെയർ, ട്രോളി എന്നിവ മൂലധനസ്വഭാവമില്ലാത്തതും ദീർഘകാലം നിലനിൽക്കാത്തതുമായതിനാൽ MLA SDF വിനിയോഗിച്ച് ഇവ വാങ്ങുവാൻ സാധിക്കുകയില്ല. |
| (ബി) | തടസ്സമില്ലെങ്കിൽ, രോഗികൾക്കായി മാത്രം ഉപയോഗിക്കുന്ന വീൽചെയർ, ട്രോളി എന്നിവ സർക്കാർ നിയന്ത്രണത്തിലുള്ള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ, ഹിന്ദുസ്ഥാൻ ലൈഫ് കെയർ എന്നീ സ്ഥാപനങ്ങളിൽ നിന്ന് പ്രസ്തുത ഫണ്ടുപയോഗിച്ച് ടെൻഡർ നടപടി ഇല്ലാതെ നേരിട്ട് വാങ്ങുന്നതിന് തടസ്സം ഉണ്ടോ; വിശദമാക്കാമോ? | ബാധകമല്ല. |

സെക്ഷൻ ഓഫീസർ